## പതിമൂന്നാം കേരള നിയമസഭ
### ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത** | **19.6.2013 ലെ മറുപടിയ്ക്ക്**

**ചോദ്യം നം. 2567**

### സീപ്ലെയിൻ പദ്ധതിയുടെ ചെലവ്

| ചോദ്യം<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>ബഹു. പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി |
|---|---|
| എ) സീപ്ലെയിൻ പദ്ധതിക്കുവേണ്ടി ടൂറിസം വകുപ്പ് എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങൾ, എവിടെയെല്ലാം ഒരുക്കിയിട്ടുണ്ട്; പ്രസ്തുത പദ്ധതികൾക്ക് എത്ര രൂപ ചെലവ് പ്രതീക്ഷിക്കുന്നു; ഭരണാനുമതികൾ നൽകുകയുണ്ടായോ; | എ) കൊല്ലം, ആലപ്പുഴ,എന്നിവിടങ്ങളിലാണ് ഫ്ലോട്ടിംഗ് ജെട്ടികൾ, സുരക്ഷാ പരിശോധനയ്ക്കുള്ള സൗകര്യങ്ങൾ സജ്ജമാക്കിയിട്ടുള്ള ഹൗസ് ബോട്ടുകൾ മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഇപ്പോൾ ഒരുക്കിയിട്ടുള്ളത്. കൂടാതെ തണ്ണീർമുക്കം, ബേക്കൽ, ബോൾഗാട്ടി എന്നിവിടങ്ങളിൽ പ്രാരംഭ ഘട്ടത്തിൽ തന്നെ ഈ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതാണ്. മേൽപറഞ്ഞ അഞ്ച് സ്ഥലങ്ങളിലും കൂടി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി ആകെ 11.83 കോടി രൂപയ്ക്കുള്ള ഭരണാനുമതി, 22.12.2012 ലെ ജി.ഒ.(എം.എസ്) 384/2012/ടി.എസ്.എം. പ്രകാരം നൽയിട്ടുണ്ട്. |
| ബി) സംസ്ഥാനത്തൊട്ടാകെ പ്രസ്തുത പദ്ധതിക്കായി അടിസ്ഥാന സൗകര്യങ്ങളൊരുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഏതെല്ലാം ടൂറിസം ഡസ്റ്റിനേഷനുകളെ ബന്ധിപ്പിക്കാൻ പ്രസ്തുത പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നു; | ബി) കേന്ദ്ര സർക്കാർ സ്ഥാപനമായ പവൻ ഹാൻസ് ലിമിറ്റഡ് പഠനം നടത്തിയത് 25 കേന്ദ്രങ്ങൾ ആധാരമാക്കിയാണ്. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. ഇവയിൽ മുൻഗണനാ പ്രദേശങ്ങളായ കൊല്ലം, ആലപ്പുഴ, തണ്ണീർമുക്കം, ബേക്കൽ, ബോൾഗാട്ടി എന്നീ അഞ്ച് പ്രദേശങ്ങളിലാണ് ആദ്യ ഘട്ടത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നത്. ഇവ കൂടാതെ മൂന്നാർ, വയനാട്, തുടങ്ങിയ ഹിൽ സ്റ്റേഷനുകൾ കൂടി ഇതിൽ ഉൾപ്പെടുത്തുവാൻ അടുത്ത ഘട്ടത്തിൽ ഉദ്ദേശിക്കുന്നു. |
| സി) സീപ്ലെയിൻ സർവ്വീസ് നടത്തുന്നതിന് ഏതെല്ലാം എജൻസികൾക്ക് അനുവാദം നൽകിയിട്ടുണ്ട്; ഈ സർക്കാരിന്റെ കാലത്ത് ഇത്തരത്തിലുള്ള എത്ര സീപ്ലെയിനുകളുടെ സർവ്വീസ് ഉറപ്പാക്കുമെന്ന് വ്യക്തമാക്കുമോ; | സി) പദ്ധതിയുടെ നടത്തിപ്പിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക മാത്രമാണ് സർക്കാരിന്റെ ചുമതല. സീപ്ലെയിൻ സർവ്വീസുകൾ നടത്തുവാൻ ഓപ്പൺ സ്കൈ പോളിസിയുടെ അടിസ്ഥാനത്തിൽ താൽപര്യമുള്ള ഏജൻസികളെ ക്ഷണിച്ചു കൊണ്ടുള്ള ഇ.ഒ.ഐ. യുടെ അടിസ്ഥാനത്തിൽ ഇതുവരെ പവൻ |

ഹാൻസ് ഹെലിക്കോപ് റ്റേഴ്സ് ലിമിറ്റഡ്, വിങ്സ് ഏവിയേഷൻ പ്രൈവറ്റ് ലിമിറ്റഡ്, പിനക്കിൾ എയർ പ്രൈവറ്റ് ലിമിറ്റഡ്. ഭാരത് ഏവിയേഷൻ പ്രൈവറ്റ് ലിമിറ്റഡ്, മാരിടൈം എനർജി ഹെലി എയർ സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ് എന്നീ അഞ്ച് ഏജൻസികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മേല്പറഞ്ഞ ഏജൻസികൾ കേന്ദ്ര സർക്കാർ ഏജൻസികളുടെ അനുമതിക്ക് വിധേയമായി കൂടുതൽ സീപ്ലെയിനുകൾ ഉപയോഗിച്ച് സർവ്വീസ് നടത്തുമെന്ന് പ്രതീക്ഷിക്കുന്നു.

| | |
|---|---|
| ഡി) പ്രസ്തുത പദ്ധതി വഴി ടൂറിസം വകുപ്പ് പ്രതിവർഷം എന്തു തുക വരുമാനം പ്രതീക്ഷിക്കുന്നു? | ഡി) ഈ പദ്ധതി പ്രാരംഭ ഘട്ടത്തിലാണ്. ആയതിനാൽ ഇക്കാര്യത്തിലുള്ള കണക്കുകൾ കൃത്യമായി കണക്കാക്കുവാൻ ഇപ്പോൾ സാധ്യമല്ല. എങ്കിലും വരും വർഷങ്ങളിൽ ഈ ടൂറിസം പദ്ധതിയുടെ പ്രത്യക്ഷ ഗുണങ്ങൾ മനസ്സിലാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| No: | Water Body / Airport | District | Destination | Custodian | Water Spread Area | Whether Seasonal |
|---|---|---|---|---|---|---|
| 1 | Poovar | Trivandrum | Poovar/ Kovalam | Govt | Limited | No |
| 2 | Neyyar Dam | Trivandrum | Poovar/ Kovalam | Irrigation | Moderate | Seasonal |
| 3 | Tvm Airport | Trivandrum | Poovar/ Kovalam | AAI | Airport | NA |
| 4 | Kadinamkulam | Trivandrum | Tvm/varkala | Govt. | Moderate | No |
| 5 | Kappil (Varkala) | Trivandrum | Varkala | Govt. | Moderate | No |
| 6 | Ashtamudi | Kollam | Kollam | Govt. | Vast | No |
| 7 | Punnamada | Alappuzha | Alappuzha | Govt. | Vast | No |
| 8 | Vembanad | Kottayam | Kumarakom | Govt. | Vast | No |
| 9 | Pamba&Kakki | Pathanamthitta | Gavi/ sabarimala | KSEB | Limited | Seasonal |
| 10 | Idukki Reservoir | Idukki | Thekkady | KSEB | Vast | Seasonal |
| 11 | Sengulam | Idukki | Munnar | KSEB | Moderate | Seasonal |
| 12 | Madupetty | Idukki | Munnar | KSEB | Moderate | Seasonal |
| 13 | Kundala | Idukki | Munnar | KSEB | Moderate | Seasonal |
| 14 | Cochin Airport | Eranakulam | Cochin | CIAL | Airport | NA |
| 15 | Cochin/Bolgatty | Eranakulam | Cochin | Govt. | Moderate | No |
| 16 | Idamalayar | Eranakulam | Cochin/ Munnar | KSEB | Moderate | Seasonal |
| 17 | Boothathankett | Eranakulam | Cochin/ Munnar | Irrigation | Moderate | Seasonal |
| 18 | Poringalkuthu | Trichur | Athirapilly | KSEB | Moderate | Seasonal |
| 19 | Peechi | Trichur | Trichur | Irrigation | Moderate | Seasonal |
| 20 | Malampuzha | Palakkad | Malampuzha | Irrigation | Limited | Seasonal |
| 21 | Kozhikode | Kozhikode | Kozhikode | AAI | Airport | NA |
| 22 | Karappuzha | Wayanad | Wayanad | Irrigation | Moderate | Seasonal |
| 23 | Banasurasagar | Wayanad | Wayanad | KSEB | Moderate | Seasonal |
| 24 | Pazhassisagar | Kannur | Malabar | Irrigation | Moderate | Seasonal |
| 25 | Kottappuram | Kasargod | Bekkal | Govt. | Moderate | No |

Section officer
Tourism (B) Dept